DESPATCHED
On. 09/12/21...
26/11/21

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം 695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email sic.ker@nic.in

ഹർജി നമ്പർ CP.No.374(4)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.4089/SIC-Gen 2/2015**

സന്നിഹിതൻ

ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ജി. അഭിലാഷ്,
അറയ്ക്കൽ ഹൗസ്,
കെ.പി. വല്ലൻ റോഡ്,
കടവന്ത്ര, കൊച്ചി – 682 020. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
മലയിൻകീഴ് ഗ്രാമപഞ്ചായത്ത് ഓഫീസ്,
മലയിൻകീഴ് പി.ഒ.,
തിരുവനന്തപുരം – 695 571. } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 05.02.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 02.03.2015 |
| പരാതി ഹർജി കമ്മീഷനിൽ നൽകിയ തീയതി | 12.03.2015 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 16.03.2015 |

## ഉത്തരവ്

പരാതി ഹർജിക്കാരൻ മലയിൻകീഴ് പഞ്ചായത്തിലെ MP IV/811 C. എന്ന കെട്ടിടം സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടു നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭിച്ചില്ല എന്നതാണു പരാതി.

2. വിവരാവകാശ അപേക്ഷയ്ക്ക് 02.03.2015ൽ പരാതി ഹർജിക്കാരന് കൊടുത്ത മറുപടിയിൽ, മലയിൻകീഴ് ഗ്രാമപഞ്ചായത്ത് DIO ലൈസൻസ് രജിസ്റ്റർ, പ്രൊഫഷണൽ ടാക്സ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും MP IV/811 C എന്ന നമ്പറിൽ "സാന്ത്വനം സർവ്വീസസ്" എന്നത് പ്രവർത്തിക്കുന്നില്ല എന്ന് ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമായ വിവരം അറിയിക്കുന്നു എന്നുമാണ്.

3. എതിർകക്ഷി കമ്മീഷന് 13.05.2015ൽ സമർപ്പിച്ച റിപ്പോർട്ടിൽ, കൊച്ചി കടവന്ത്ര കെ.പി. വല്ലൻ റോഡ്, അറക്കൽ ഹൗസിൽ ശ്രീ. ജി. അഭിലാഷ്, മലയിൻകീഴ് പഞ്ചായത്തിലെ MP IV/811 C, എന്ന കെട്ടിടം സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ട് സമർപ്പിച്ച 11.12.2014–ാം തീയതിയിലെ അപേക്ഷ 15/12/2014ൽ ഈ ഓഫീസിൽ ലഭിച്ചിരുന്നു. തുടർന്ന് ഈ ഓഫീസിലെ 13/01/2015 തീയതിയിലെ നമ്പർ കത്തിൽ വിവരങ്ങൾ നൽകിയിരുന്നു. മേൽ പറഞ്ഞ കെട്ടിട്ടത്തിൽ പ്രവർത്തിക്കുന്ന "സാന്ത്വനം സർവ്വീസസ്" എന്ന സ്ഥാപനത്തിന്റെ ലൈസൻസ്, പ്രൊഫഷണൽ

ക്സ് എന്നീ വിവരങ്ങൾ ആവശ്യപ്പെട്ട് ശ്രീ. ജി. അഭിലാഷ് 05/02/2015ന് സമർപ്പിച്ച അപേക്ഷ 07/02/2015ന് ഈ ഓഫീസിൽ ലഭിച്ചു. പ്രസ്തുത കെട്ടിടത്തിൽ "സാന്ത്വനം സർവ്വീസസ്" എന്ന സ്ഥാപനം പ്രവർത്തിക്കുന്നില്ല എന്ന വിവരം 02.03.2015 തീയതിയിലെ കത്ത് പ്രകാരം അപേക്ഷകന് നൽകിയിട്ടുള്ളതാണ്.

4. എതിർകക്ഷിയുടെ റിപ്പോർട്ടും, അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു.

പരാതി ഹർജിക്കാരൻ ഏതൊരു സ്ഥാപനത്തെപ്പറ്റിയുള്ള വിവരങ്ങളാണോ ചോദിച്ചിരിക്കുന്നത്, ആ സ്ഥാപനം (സാന്ത്വനം സർവീസസ്) അപേക്ഷകൻ പറയുന്ന കെട്ടിടത്തിൽ പ്രവർത്തിക്കുന്നില്ല എന്നു സാക്ഷ്യപ്പെടുത്തുമ്പോൾ (അതിന് ഉത്തര വാദിത്വമുള്ള പഞ്ചായത്ത് സെക്രട്ടറി തന്നെയാണ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്.) അത് വിശ്വാസത്തിലെടുക്കുക മാത്രമേ നിവൃത്തിയുള്ളൂ. മറിച്ചെന്തെങ്കിലും സംശയം പരാതി ഹർജിക്കാരനുണ്ടെങ്കിൽ, അതു പരിഹരിക്കാൻ മറ്റു നിയമ നടപടികൾ സ്വീകരിക്കുകയാണ് വേണ്ടത്.

5. ആയതുകൊണ്ട് ഈ പരാതി ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് കമ്മീഷൻ ഇന്നേ ദിവസം 26.11.2021ന് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
കെ.വി.സുധാകരൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

STATE INFORMATION COMMISSION

gk.